# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025-26

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | പദ്ധതി പ്രവർത്തനങ്ങളുടെ ലഘു വിവരണം | നടത്തിപ്പ് ചുമതല | ആവശ്യ-മായ ഫണ്ട് | പദ്ധതി സമയക്രമം |
|---|---|---|---|---|---|
| 1. | വളർത്താം വായന | കുട്ടികളിൽ വായനാശീലം വളർത്തുന്നതിനും ചിഹ്നങ്ങൾ ഉറപ്പിക്കുന്നതിനും ആയി എല്ലാദിവസവും പത്രം വായിച്ച് അഞ്ചു തലക്കെട്ട് വീതം എഴുതിക്കുന്നു. | ക്ലാസ് ടീച്ചർ | | 9.35 am - 9.45am |
| 2. | Word Wall | ഓരോ ദിവസവും കുട്ടികൾക്ക് രണ്ട് ഇംഗ്ലീഷ് word ഉം അവയുടെ meaning ഉം നൽകുന്നു കുട്ടികൾ വാക്കുകൾ പഠിക്കുകയും രണ്ടു കുട്ടികൾ വീതം ഒരോ ദിവസവും നൽകുന്ന വാക്കുകൾ ഭംഗിയായി എഴുതി word Wall ൽ പേസ്റ്റ് ചെയ്യുകയും ചെയ്യുന്നു. | ക്ലാസ് ടീച്ചർ | | 9.45 am - 9.55am |
| 3. | Monthly Quiz | പൊതുവിജ്ഞാനത്തോട് താല്പര്യം ഉണർത്തുന്നതിനും വിവിധ ക്വിസ് മത്സരങ്ങൾക്ക് ഒരുക്കുന്നതിനുമായി ശാസ്ത്ര,സാമൂഹ്യ ശാസ്ത്ര, ഗണിതശാസ്ത്ര വിഷയങ്ങളെ അടിസ്ഥാനമാക്കി എല്ലാമാസവും ക്വിസ് നടത്തുന്നു. | ക്ലാസ് ടീച്ചർ | | 1.30 pm - 2 pm |
| 4. | ഭവന സന്ദർശനം | കുട്ടിയെ അടുത്തറിയുന്നതിനും പഠനത്തിൽ മികവുറ്റവരായി മാറ്റുന്നതിനും കുട്ടികളുടെ ഭൗതിക സാഹചര്യം മനസ്സിലാക്കുന്നതിനും എല്ലാ കുട്ടികളുടെയും ഭവനം സന്ദർശിക്കുന്നു. ആഗസ്റ്റ് മാസം അവസാനത്തോടെ സന്ദർശനം പൂർത്തീകരിക്കുന്നു. | ക്ലാസ് ടീച്ചർ | | |
| 5. | സർഗ്ഗാത്മകത | ഓണം ക്രിസ്മസ് ,സ്കൂൾ വാർഷികം തുടങ്ങിയവ പരിപാടികളിലൂടെ കുട്ടികളുടെ കലാവാസനകൾ മെച്ചപ്പെടുവാൻ അവസരം ഒരുക്കുന്നു. | ക്ലാസ് ടീച്ചർ | | |
| 6. | ദേശസ്നേഹം | സ്വാതന്ത്ര്യദിന, റിപ്പബ്ലിക് ദിനഘോഷം എന്നിവ ആചരിക്കുകയും, ഗാന്ധിയൻ ചിത്ര പ്രദർശനം ,ദേശഭക്തിഗാനം അവതരണം, flag making മത്സരം എന്നിവയിലൂടെ ദേശസ്നേഹം വർദ്ധിപ്പിക്കുന്നു. | ക്ലാസ് ടീച്ചർ | | |

| | | | | | |
|---|---|---|---|---|---|
| 7. | ആധുനികശാസ്ത്ര സാങ്കേതികവിദ്യ | പഠനം രസകരവും ആകർഷകരവുമാകുന്നതിന് ഒന്നു മുതൽ 7 വരെയുള്ള ക്ലാസുകളിലെ പാഠഭാഗവുമായി ബന്ധപ്പെടുത്തി ഐസിടി സാധ്യതയുടെ പഠന വിഭവങ്ങൾ തയ്യാറാക്കുന്നു. | ക്ലാസ് ടീച്ചർ | | |
| 8. | ക്ലബ്ബ് പ്രവർത്തനങ്ങൾ | സാമൂഹ്യ ഗുണങ്ങൾ കുട്ടികളിൽ വളർത്തുക എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളെ വിവിധ ക്ലബ്ബുകൾ ആയി തിരിച്ച് പാഠ്യ പാഠ്യേതര വിഷയങ്ങൾ നൽകുന്നു. | അധ്യാപകർ | | |
| 9. | ശാസ്ത്ര അവബോധം | നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെയും പരീക്ഷണക്കുറുപ്പുകൾ തയ്യാറാക്കിയും ശാസ്ത്ര പരീക്ഷണങ്ങളുടെ ശേഖരണം തയ്യാറാക്കുന്നു. | അധ്യാപകർ | | |
| 10. | പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുക | ഗണിതം മലയാളം ഇംഗ്ലീഷ് തുടങ്ങിയ വിഷയങ്ങളിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗനിർദേശങ്ങൾ നൽകുന്നു പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു. | ഓരോ വിഷയവും കൈകാര്യം ചെയ്യുന്ന അധ്യാപകർ | | ആഴ്ചയിൽ ഒരു പിരിഡ് |
| 11. | ഗണിത ലളിതം | ജ്യാമിതീയ രൂപങ്ങൾ ചതുഷ്ടീയകൾപോലുള്ള പ്രവർത്തനങ്ങൾ ഐടി സാധ്യതകൾ ഉപയോഗപ്പെടുത്തി കുട്ടികളിൽ എളുപ്പത്തിൽ എത്തിക്കുന്നു. | ഗണിത അധ്യാപകർ | | ആഴ്ചയിൽ ഒരു പിരിഡ് |
| 12. | മാലിന്യമുക്ത വിദ്യാലയം | സ്കൂളും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് ഓരോ ഭാഗവും ഓരോ ക്ലാസിലെ വിദ്യാർത്ഥികളും അധ്യാപകരും ചേർന്ന് വൃത്തിയാക്കുന്നു. | ക്ലാസ് ടീച്ചർ | | |
| 13. | കാർഷികവൃത്തി | കാർഷിക പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് പച്ചക്കറികളും ഔഷധസസ്യങ്ങളും കൃഷി ചെയ്യുന്നു | ചാർജ്ജുള്ള അധ്യാപകർ | | അക്കാദമിക വർഷം |

| | | | | | |
|---|---|---|---|---|---|
| 14. | കലാകായിക ശാസ്ത്ര സാമൂഹ്യ ശാസ്ത്ര ഗണിത പ്രവർത്തി പരിചയമേള | കലോത്സവം കായികമേള ശാസ്ത്ര സാമൂഹിക പ്രവർത്തി പരിചയമേളകളിൽ പങ്കെടുക്കുന്നതിനായി കുട്ടികൾക്ക് അധ്യാപകർ പരിശീലനം നൽകുന്നു. | വിവിധ മേളകൾക്ക് ചാർജ്ജുള്ള അധ്യാപകർ | | |
| 15. | മത്സരപരിശീലനം | എൽ എസ് എസ് ,യു എസ് എസ് തുടങ്ങിയ മത്സര പരീക്ഷകൾക്കായി അതാത് സബ്ജക്ട് ടീച്ചേഴ്സ് പരിശീലനം നൽകുന്നു. | ഓരോ വിഷയവും കൈകാര്യം ചെയ്യുന്ന അധ്യാപകർ | | |
| 16. | സഹജീവി സമഭാവന വളർത്തൽ | പ്രകൃതിദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച വിദ്യാർത്ഥികൾക്ക് അവരാൽ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. കുട്ടികളെ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരിതബാധിത പ്രദേശങ്ങളിൽ ആശ്വാസ ഹസ്തമാക്കുന്നു. | | | അക്കാദമിക വർഷം |
| 17. | ആർട്ട് ആൻഡ് ക്രാഫ്റ്റ് | കുട്ടികളിൽ ഉന്മേഷവും കാര്യക്ഷമതയും വർദ്ധിപ്പിക്കുന്നതിനൊപ്പം ഓരോരുത്തർക്കും ഇഷ്ടപ്പെട്ട നൈപുണികൾ വളർത്തുന്നതിനായി വിവിധ കലകളും തയ്യലും പരിശീലിപ്പിക്കുന്നു | | | |